പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1400 20.01.2014 -ൽ മറുപടിക്ക്

കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്തു തീർത്ത വകയിൽ നിലവിൽ കോൺട്രാക്ടർമാർക്ക് എത്ര കോടി രൂപ കൊടുത്തുതീർക്കാനുണ്ട് ; | എ) പൊതുമരാമത്ത് വകപ്പിലെ വിവിധ വിഭാഗങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>നിരത്തുകളും പാലങ്ങളും<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പ്രവൃത്തികൾ ചെയ്ത് തീർത്ത വകയിൽ 7/2013 മുതൽ 11/2013 വരെയുള്ള മാസങ്ങളിലായി 491.07 കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുത്ത് തീർക്കാനുണ്ട്.<br>കെ.എസ്.ടി.പി<br>കെ.എസ്.ടി.പി പദ്ധതിയിൽ ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം നൽകുന്നുണ്ട്.<br>ദേശീയാപാതാവിഭാഗം<br>നിലവിൽ 21.54 കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കാനുണ്ട്.<br>കെട്ടിട വിഭാഗം<br>7/13 മുതൽ 11/13 വരെ 208.92 കോടി രൂപ കൊടുത്ത് തീർക്കാനുണ്ട്. |
| (ബി) എത്രമാസത്തെ ബില്ലുകൾ കുടിശ്ശിക ഉണ്ട്; | ബി)<br>നിരത്തുകളും പാലങ്ങളും<br>7/2013 മുതൽ 11/2013 വരെയുള്ള മാസങ്ങളിലെ ബില്ലുകൾ കുടിശ്ശികയുണ്ട്.<br>കെ.എസ്.ടി.പി<br>കെ.എസ്.ടി.പി പദ്ധതിയിൽ ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം നൽകുന്നുണ്ട്.<br>ദേശീയാപാതാ വിഭാഗം<br>രണ്ടു മാസത്തെ ബില്ലുകൾ കുടിശ്ശിക ഉണ്ട്.<br>കെട്ടിട വിഭാഗം<br>7/13 മുതൽ 11/13 വരെ 5 മാസത്തെ ബില്ലുകൾ കുടിശ്ശികയുണ്ട് |

| | |
|---|---|
| (സി) ബില്ലുകൾ യഥാസമയം മാറിനൽകാത്തതുകൊണ്ട് കോൺട്രാക്ടർമാർ പ്രവൃത്തി ടെണ്ടറുകൾ ഏറ്റെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ബില്ലുകൾ യഥാസമയം മാറി നൽകാത്തതു കൊണ്ട് കോൺട്രാക്ടർമാർ പ്രവൃത്തി ടെണ്ടറുകൾ ഏറ്റെടുക്കാത്ത സാഹചര്യം നിലവിലില്ല ; |
| (ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ യഥാസമയം നടക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ഡി) <u>നിരത്തുകളും പാലങ്ങളും</u> ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ